10

# പുതിയ നിയമം - പൂർണ്ണ പാപമോചനം

*"അതുകൊണ്ടു, സഹോദരന്മാരേ, യേശു തന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തന്റെ രക്തത്താൽ വിശുദ്ധ മന്ദിരത്തിലേക്കുള്ള പ്രവേശനത്തിനു ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മഹാപുരോഹിതനും നമുക്കു ഉള്ളതുകൊണ്ടു, നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരും ആയി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ട്, പരമാർത്ഥ ഹൃദയത്തോടെ അടുത്തു ചെല്ലുക" (എബ്രായർ 10:19-22).*

സിനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം കൊടുക്കുന്നതിനു മുൻപു ബൈബിളിൽ പാപമോചനത്തെക്കുറിച്ചു വളരെ കുറച്ചു മാത്രമെ വെളിപ്പെടുത്തിയിട്ടുള്ളു. യാഗങ്ങൾ അർപ്പിച്ചിരുന്നു; എങ്ങനെ യായാലും, ഈ യാഗങ്ങളുടെ കൃത്യമായ ഉദ്ദേശം വെളിപ്പെടുത്തിയിട്ടില്ല, കയ്യിന്റേയും ഹാബേലിന്റേയും യാഗം (ഉല്പത്തി 4:3, 4) പാപയാഗം ആയിരുന്നേക്കാം, എന്നാൽ അതു നന്ദി പ്രകടനവും ആയേക്കാം. അല്ലെങ്കിൽ സ്വമേധായാഗങ്ങളും ആയേക്കാം (ലേവ്യാ പുസ്തകം 7:12, 16). നോഹയുടെ ദഹന യാഗം (ഉല്പത്തി 8:20), അബ്രഹാമിന്റെ (ഉല്പത്തി 22:13), യാക്കൊബിന്റെ (ഉല്പത്തി 31:54; 46:1), യിത്രോയുടെ (പുറപ്പാട് 18:12) യാഗങ്ങൾ പാപയാഗങ്ങൾ ആയിരിക്കണമെന്നില്ല; എന്നാൽ ഇയ്യോബ് തന്റെ മക്കൾക്കു വേണ്ടി പാപയാഗങ്ങൾ അർപ്പിച്ചിരുന്നു (ഇയ്യോബ് 1:5).

### ന്യായപ്രമാണത്തിൻ കീഴിൽ പാപമോചനം

ന്യായപ്രമാണത്തിൻ കീഴിൽ, ഞെട്ടിക്കുന്ന പാപങ്ങൾ ചെയ്യുന്ന വർക്കു മരണ ശിക്ഷയായിരുന്നു.

> എന്നാൽ സ്വദേശികളിലോ പരദേശികളിലോ ആരെങ്കിലും കരുതിക്കൂട്ടിക്കൊണ്ടു ചെയ്താൽ, അവൻ യഹോവയെ ദുഷിക്കുന്നു. അവനെ അവന്റെ ജനത്തിൽ നിന്നു ഛേദിച്ചുകളയേണം, അവൻ യഹോവയുടെ വചനം ധിക്കരിച്ചു

അവന്റെ കല്പന ലംഘിച്ചു; അവനെ നിർമ്മൂലമാക്കിക്കളയേണം; അവന്റെ അകൃത്യം അവന്റെ മേൽ ഇരിക്കും (സംഖ്യാപുസ്തകം 15:30, 31).

നാം വായിക്കുന്നു, ''മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്നു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴി കേട്ടു മരണ ശിക്ഷ കല്പിക്കുന്നുവല്ലൊ" (എബ്രായർ 10:28). നിയമ ലംഘനക്കാരനോടു ഒരു കരുണയും കാണിക്കുകയില്ല, ശിക്ഷിക്കാതിരിക്കേണ്ടതിനു ഒരാളിൽ നിന്നു ഒരു പണവും സ്വീകരിക്കയില്ല. കുല ചെയ്തവനെ ശിക്ഷിക്കേണ്ട രീതിയെ കുറിച്ചു ന്യായപ്രമാണം പറയുന്നു, "മരണയോഗ്യനായ കുലപാതകന്റെ ജീവനു വേണ്ടി, നിങ്ങൾ വീണ്ടെടുപ്പു വില വാങ്ങരുത്. അവൻ മരണ ശിക്ഷ തന്നെ അനുഭവിക്കേണം" (സംഖ്യാപുസ്തകം 35:31).

**പാപത്തിനു വേണ്ട യാഗം**

സംഖ്യാപുസ്തകം 15 അനുസരിച്ചു, അറിയാതെ അകൃത്യം ചെയ്യുന്നവർക്കു അവരുടെ പാപം ക്ഷമിക്കുവാൻ യാഗം അർപ്പിക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. ദൈവം അവരോടു പറഞ്ഞു,

> യഹോവ മോശയോടു കല്പിച്ച ഈ സകല കല്പനകളിലും, യാതൊന്നെങ്കിലും യഹോവ മോശെയോടു കല്പിച്ച നാൾ മുതൽ, തലമുറ തലമുറയായി യഹോവ മോശെ മുഖാന്തരം നിങ്ങളോടു കല്പിച്ച സകലത്തിലും യാതൊന്നെങ്കിലും നിങ്ങൾ പ്രമാണിക്കാതെ തെറ്റു ചെയ്താൽ, അറിയാതെ കണ്ടു, അബദ്ധവശാൽ സഭ വല്ലതും ചെയ്തു പോയാൽ സഭയെല്ലാം കൂടെ ഹോമയാഗത്തിനായി ഒരു കാളക്കിടാവിനെയും പാപയാഗത്തിനായി ഒരു കോലാട്ടു കൊറ്റനെയും ചട്ട പ്രകാരം അതിനുള്ള ഭോജന യാഗത്തോടും പാനിയ യാഗത്തോടും കൂടെ യഹോവക്കു സൗരഭ്യവാസനയായി അർപ്പിക്കേണം. ഇങ്ങനെ പുരോഹിതൻ യിസ്രായേൽ മക്കളുടെ സർവ്വസഭക്കും വേണ്ടി പ്രായശ്ചിത്തം കഴിക്കേണം; എന്നാൽ അതു അവരോടു ക്ഷമിക്കപ്പെടും. അതു അബദ്ധവശാൽ സംഭവിക്കുന്നതായാൽ. ... അവർ തങ്ങളുടെ അബദ്ധത്തിനായിട്ടു യഹോവക്കു ചെയ്തുവല്ലൊ. എന്നാൽ അതു യിസ്രായേൽ മക്കളുടെ സർവ്വ സഭയോടും അവരുടെ ഇടയിൽ വന്നു പാർക്കുന്ന പരദേശിയോടും ക്ഷമിക്കപ്പെടും. തെറ്റു സർവ്വ ജനത്തിനുമുള്ളതായിരുന്നുവല്ലൊ. ഒരാൾ അബദ്ധവശാൽ പാപം ചെയ്താൽ അവൻ തനിക്കു വേണ്ടി പാപയാഗത്തിനായി ഒരു വയസ്സു പ്രായമുള്ള ഒരു പെൺകോലാടിനെ അർപ്പിക്കേണം. അബദ്ധവശാൽ പാപം ചെയ്തവനു പാപ പരിഹാരം വരുത്തുവാൻ പുരോഹിതൻ അവന്നു വേണ്ടി യഹോവയുടെ സന്നിധിയിൽ പ്രായശ്ചിത്ത കർമ്മം അനുഷ്ഠിക്കേണം (വാക്യങ്ങൾ 22-28).

പാപ യാഗത്തിന്റേയും കുറ്റത്തിനുള്ള പ്രായശ്ചിത്തത്തെക്കുറിച്ചും വിശദമായി ലേവ്യാപുസ്തകം 4:1-7:10 വരെയുള്ള ഭാഗത്തു വിശദീകരി

ച്ചിട്ടുണ്ട്. പാപത്തിനുള്ള യാഗം അർപ്പിച്ചശേഷം, അവരുടെ "പാപങ്ങൾ ക്ഷമിക്കു" മെന്നു ദൈവം യിസ്രായേലിനോടു പറഞ്ഞിരുന്നു. പക്ഷെ മൃഗരക്തങ്ങൾ പാപങ്ങൾ മോചിച്ചിരുന്നില്ല (ലേവ്യാപുസ്തകം 4:20, 26, 31, 35; 5:10, 13, 16, 18; 6:7; 19:22). ഒന്നാമത്തെ നിയമത്തിൻ കീഴിലുള്ളവരുടേയോ പാപങ്ങൾ മോചിച്ചു കൊടുക്കുന്നതു യേശുവിന്റെ ക്രൂശിലെ മരണം അത്രെ (റോമർ 3:25; എബ്രായർ 9:15).

**കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തം**

"കാളകളുടേയും ആട്ടുകൊറ്റന്മാരുടേയും രക്തത്തിനു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല," എന്നു പുതിയ നിയമം വ്യക്തമായി പറയുന്നു (എബ്രായർ 10:4). മൃഗങ്ങളുടെ രക്തം പാപങ്ങൾ മോചിക്കുന്നില്ലെങ്കിൽ, ന്യായപ്രമാണത്തിൽ പറഞ്ഞിരുന്ന "പാപം ... ക്ഷമിക്കും എന്ന പ്രസ്താവന" (നോക്കുക, ഉദാഹരണമായി, ലേവ്യാപുസ്തകം 4:20, 26, 30, 35) പാപങ്ങൾ ക്ഷമിക്കുമെന്നു പറഞ്ഞിരിക്കുന്നതു ഭാവിയിലാണോ?

പഴയ നിയമത്തിലെ ചില പ്രസ്താവനകൾ വ്യക്തമാക്കുന്നത് ആ കാലയളവിൽ പാപം ക്ഷമിച്ചു എന്നാണ്. ക്രൂശിനു മുൻപു ദൈവം പാപം ക്ഷമിച്ചു എന്നു മോശെയുടെ പ്രാർത്ഥനയും അതിനു ദൈവം നല്കിയ പ്രതികരണവും വ്യക്തമാക്കുന്നു. "'നിന്റെ, മഹാ ദയക്കു തക്കവണ്ണം മിസ്രയിം മുതൽ ഇവിടെ വരെ ഈ ജനത്തോടു നീ ക്ഷമിച്ചു വന്നതുപോലെ ഈ ജനത്തിന്റെ അകൃത്യം ക്ഷമിക്കേണമേ, അതിനു യഹോവ അരുളിച്ചെയ്തതു നിന്റെ അപേക്ഷപ്രകാരം ഞാൻ ക്ഷമിച്ചിരിക്കുന്നു'" (സംഖ്യാപുസ്തകം 14:19, 20). ബേത്ത് ശേബയുമായി ദാവീദ് പാപം ചെയ്തശേഷം നാഥാൻ അവനോടു, "'യഹോവ നിന്റെ പാപം മോചിച്ചിരിക്കുന്നു; നീ മരിക്കയില്ല'" (2 ശമുവേൽ 12:13). ദൈവം ശലോമോൻ മുഖാന്തരം പറയുന്നു "എന്റെ ജനം തങ്ങളെ ത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു, എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗം വിട്ടു തിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ടു, അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തി ക്കൊടുക്കും" (2 ദിനവൃത്താന്തം 7:14).

ദൈവം പഴയ നിയമത്തിലും പാപങ്ങൾ ക്ഷമിച്ചു എന്നാണ് തെളിവുകൾ നല്കുന്ന സൂചന. യേശുവിന്റെ മരണം നിമിത്തം അവനു അത് ചെയ്യുവാൻ കഴിഞ്ഞു യേശുവിന്റെ മരണത്തിനു മുൻപു തന്നെ അതു തീർച്ചയാണെന്ന് ദൈവത്തിനു അറിയാമായിരുന്നു: സൃഷ്ടിക്കു ആരംഭം കുറിക്കുന്നതിനു മുൻപു (1 പത്രൊസ് 1:18-20), ദൈവം യേശുവിന്റെ മരണത്തിനു പദ്ധതി തയ്യാറാക്കിയിരുന്നു (യെശയ്യാവു 53:4-12; പ്രവൃത്തികൾ 2:23).

യേശുവിന്റെ മരണം മൂലം, കഴിഞ്ഞകാല പാപങ്ങളെയും തനിക്കു ക്ഷമിക്കുവാൻ കഴിയുമെന്നു ദൈവം കാണിച്ചു കൊടുത്തു. "വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ, ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു. ദൈവം തന്റെ പെരുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക

നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ" (റോമർ 3:25). യേശുവിന്റെ മരണം പുതിയ നിയമത്തിൻ കീഴിലുള്ളവരുടെ പാപം മാത്രമല്ല ക്ഷമിക്കുന്നത്, അതേ അടിസ്ഥാനത്തിൽ പഴയ നിയമത്തിലുള്ളവരോടും ക്ഷമിക്കും. അതിനെ, യിസ്രായേലിന്നും ന്യായപ്രമാണത്തിൽ വാഗ്ദാനം ചെയ്തിട്ടില്ലെങ്കിലും നിത്യാവകാശം അവർക്കു ലഭിക്കും. "ആദ്യ നിയമത്തിലെ ലംഘനങ്ങളിൽ നിന്നുള്ള വീണ്ടെടുപ്പിനായി, ഒരു മരണം ഉണ്ടായിട്ടു നിത്യാവകാശത്തിന്റെ വാഗ്ദാനം വിളിക്കപ്പെട്ടവർക്കു ലഭിക്കേണ്ടതിനു അവൻ പുതിയ നിയമത്തിന്റെ, മദ്ധ്യസ്ഥൻ ആകുന്നു" (എബ്രായർ 9:15).

വ്യക്തിപരമായ യോഗ്യതയുടെയോ യാഗങ്ങളുടെ അടിസ്ഥാനത്തിലോ അല്ല ദൈവം യിസ്രായേലിന്റെ പാപങ്ങൾ ക്ഷമിച്ചത്, എന്നാൽ സർവ്വലോകത്തിനുമായി ചിന്തിയ യേശുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിലാണ് (1 യോഹന്നാൻ 2:2). എല്ലാ കാലത്തിലും പാപമോചനം യേശുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. "രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല" (എബ്രായർ 9:22). പാപങ്ങൾ മോചിക്കുന്ന ഏക രക്തം യേശുവിന്റേതാണ്.

## പാപമോചനം
## പുതിയ നിയമത്തിൻകീഴിൽ

പാപം, പൂർണ്ണമായും ദൈവ സ്വഭാവത്തിനു എതിരാണ്, അതു അവന്റെ അഹിതത്താൽ കോപത്തെ ജനിപ്പിക്കുന്നു:

> അനീതി കൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ അഭക്തിക്കും അനീതിക്കും, നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെട്ടിരിക്കുന്നു (റോമർ 1:18).
>
> ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കു ആർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ.
> വ്യർത്ഥ വാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്, ഈ വക നിമിത്തം അല്ലൊ ദൈവ കോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു (എഫെസ്യർ 5:5, 6).
>
> ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ, ഈ വക നിമിത്തം ദൈവ കോപം അനുസരണം കെട്ടവരുടെ മേൽ വരുന്നു (കൊലൊസ്യർ 3:5, 6).

നിയമലംഘനം ദൈവം വെറുക്കുന്നതുകൊണ്ടാണ്, ദൈവകോപം വരുന്നത് (എബ്രായർ 1:9), അതു പാപമാണ് (1 യോഹന്നാൻ 3:4).

പാപം ദൈവ കോപം വരുത്തുക മാത്രമല്ല, അതു അവനിൽ നിന്നു

നമ്മെ വേർപെടുത്തുകയും ചെയ്യും. പൗലൊസ് എഴുതി, “മുമ്പെ നാം ദുഷ്പ്രവൃത്തികളാൽ, അകന്നവരായിരുന്നു” (കൊലൊസ്യർ 1:21). ക്ഷമിക്കപ്പെടാത്ത പാപികളെ കുറിച്ചു പറയുന്നതു ‘‘അവർ അന്ധബുദ്ധികളായി, അജ്ഞത നിമിത്തം, ഹൃദയ കാഠിന്യം നിമിത്തം തന്നെ ദൈവത്തിന്റെ ജീവനിൽ നിന്നകന്നു, മനം തഴമ്പിച്ചു പോയവർ” (എഫെസ്യർ 4:18). “അവർ ക്രിസ്തുവിനെ കൂടാതെയുള്ളവരും ... ദൈവമില്ലാത്തവരും ... ദൂരസ്ഥന്മാരും” (എഫെസ്യർ 2:12, 13), ദൈവത്തിനു “ശത്രുക്കളും” ആയിരുന്നു (റോമർ 5:10). “ലോകത്തിന്റെ സ്നേഹിതൻ ദൈവത്തിനു ശത്രുവാകുന്നു” എന്നു യാക്കോബ് പറഞ്ഞിരിക്കുന്നു (യാക്കൊബ് 4:4).

**നമ്മുടെ പാപമോചനത്തിനായിരുന്നു യേശുവിന്റെ യാഗം**

മനുഷ്യന്റെ പ്രവൃത്തികളോ ന്യായപ്രമാണ പ്രവൃത്തികളോ പാപത്തെയോ ദൈവകോപത്തെയോ നീക്കുവാൻ മതിയായിരുന്നില്ല. അങ്ങനെ മതിയായിരുന്നുവെങ്കിൽ, യേശു ക്രൂശിൽ മരിക്കേണ്ടിയിരുന്നില്ല. പൗലൊസ് എഴുതി, ‘‘ഞാൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല; ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചതു വെറുതെയല്ലൊ” (ഗലാത്യർ 2:21). “എന്നാൽ ന്യായ പ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും, ശാപത്തിൻ കീഴാകുന്നു. അതിൽ നില നില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നു’’ (ഗലാത്യർ 3:10). മന:പൂർവ്വം ആയ തെറ്റൊന്നും ന്യായപ്രമാണം അനുവദിച്ചില്ല; അതിൽ കരുണ നല്കിയില്ല (ഗലാത്യർ 5:4; എബ്രായർ 10:28). ഇതു ക്രിസ്തുവിന്റെ രക്തത്താൽ മാത്രം ലഭിക്കുന്നു. മനുഷ്യന്റെ ഭാഗത്തു നിന്നു ഒന്നും പാപങ്ങളെ മോചിക്കുന്നില്ല. പഴയ പാട്ടു പറയുന്നതുപോലെ, “എന്തിനു നമ്മുടെ പാപങ്ങൾ മോചിക്കുവാൻ കഴിയും? മറ്റൊന്നുമില്ല, യേശുവിൻ രക്തം മാത്രം”[1] യേശുവിന്റെ രക്തം മാത്രമെ പാപത്തെ നീക്കുവാൻ കഴിയു എന്ന രീതിയിൽ, നമ്മുടെ ഭാഗത്തു നിന്നു ശരിയായ പ്രതികരണം ഉണ്ടായില്ലെങ്കിൽ നാം ശുദ്ധീകരിക്കപ്പെടുകയില്ല.

നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുന്നതു യേശുവിന്റെ രക്തത്താലും (മത്തായി 26:28; 1 യോഹന്നാൻ 1:7; വെളിപ്പാട് 1:5), പുതിയതും ജീവനുള്ള വഴി മുഖാന്തരവുമാണ് (എബ്രായർ 10:19, 20). രക്തം ചിന്തിയതിനാൽ, അവൻ നമ്മുടെ പാപങ്ങൾക്കു മറുവില നല്കി (റോമർ 6:23; 1 പത്രൊസ് 1:18-20). അങ്ങനെ ദൈവ കോപം നീങ്ങുമാറായി “അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ, നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും” (റോമർ 5:9). അവന്റെ രക്തത്താൽ നിരപ്പുവന്നതുകൊണ്ടു നമുക്കു ദൈവവുമായി സമാധാനമുണ്ടായി (കൊലൊസ്യർ 1:20). അങ്ങനെ യേശുവിനു നമ്മെ “അവന്റെ മുന്നിൽ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരും” ആക്കി തീർക്കുവാൻ കഴിഞ്ഞു (കൊലൊസ്യർ 1:22). “അങ്ങനെ യേശുവും, സ്വന്ത രക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിനു നഗരവാതിലിനു പുറത്തു വെച്ചു കഷ്ടം അനുഭവിച്ചു” (എബ്രായർ 13:12).

**നമ്മുടെ അനുസരണ പ്രതികരണം**

യേശുവിന്റെ രക്തത്തിനു മാത്രമെ നമുക്കു രക്ഷ നല്കുവാൻ കഴിയൂ (പ്രവൃത്തികൾ 4:12), നാം അവനിൽ ആശ്രയിച്ചാൽ നമുക്കു നിത്യജീവൻ ലഭിക്കുവാൻ, അവൻ വഴി ഒരുക്കി. നാം അവനെ അനുസരിച്ചു പിൻ പറ്റണം. യോഹന്നാൻ 3:36 പറയുന്നു, "പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്. പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല, ദൈവക്രോധം അവന്റെ മേൽ വസിക്കുന്നതേയുള്ളു." ഈ വാക്യത്തിന്റെ തർജ്ജിമ ശരിയാണ്. കെ ജെ വി പറയുന്നു, "പുത്രനിൽ വിശ്വസിക്കാത്തവൻ" എന്നും എൻ ഐ വിയിൽ "പുത്രനെ നിഷേധിക്കുന്നവൻ ഏവനും" എന്നുമാണ്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന വാക്ക് *അപ്പൊസ്തെയോ,* എന്നാണ് അർത്ഥം "അനുസരിക്കാത്ത"; "വിശ്വസിക്കാത്തവൻ" എന്നർത്ഥമുള്ള *അപ്പിസ്ടെയോ* എന്നവാക്കല്ല ഉപയോഗിച്ചിരിക്കുന്നത്.

യേശു, "തികഞ്ഞവനായി, ... തന്നെ അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനായി" (എബ്രായർ 5:9). യേശു ഒരിക്കലും അപൂർണ്ണൻ ആയിരുന്നില്ല. "തികഞ്ഞ" എന്ന വാക്ക് *ടലൈയിയോസ്,* അർത്ഥമാക്കുന്നത് "അതിന്റെ അവസാനമെത്തുക, പൂർണ്ണമാക്കുക" എന്നാണ്. തന്റെ പ്രവൃത്തി അവൻ പൂർത്തിയാക്കി, തീർത്തു (യോഹന്നാൻ 19:30). നമ്മുടെ രക്ഷക്കു മറുവില കൊടുത്തുകൊണ്ട്, തന്നെ അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനായി ത്തീർന്നു. എല്ലാ പാപമോചനവും യേശുവിന്റെ രക്തത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്, മറ്റൊരു വിധത്തിലും ലഭ്യമല്ല. കാരണം "രക്തം ചിന്തിയാലല്ലാതെ വിമോചനം ഇല്ല" (എബ്രായർ 9:22).

നമ്മുടെ രക്ഷക്കു വേണ്ടി നമുക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ല യേശു നേടിയ രക്ഷ, തന്നെ അനുസരിക്കുന്നവർക്കു അവൻ നല്കും. നാം കൃപയാലത്രെ രക്ഷിക്കപ്പെടുന്നത് - അനർഹമായ ദൈവത്തിന്റെ ഉപകാരം, പ്രവൃത്തികളാലല്ല, പക്ഷെ യേശുവിന്റെ പ്രവൃത്തികളിലാണ് (എഫെസ്യർ 2:8, 9). താൻ ക്രൂശിൽ രക്തം ചൊരിഞ്ഞു മരിച്ചതിനോടു പ്രതികരിച്ചാൽ യേശു നമുക്കു രക്ഷ നല്കും. അതാണ്, സുവിശേഷം, സുവാർത്ത. യേശുവിനെ അനുസരിക്കാത്തവർ - സുവിശേഷം അനുസരിക്കാത്തവർ, നിത്യ ദണ്ഡനത്തിനായി, കർത്താവിന്റെ സന്നിധാനം വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സലൊനിക്യർ 1:8, 9).

യേശുവിന്റെ രക്തത്തിലുള്ള നമ്മുടെ വിശ്വാസം മൂലം (റോമർ 3:25), ദൈവം തന്റെ കൃപാസനത്തിൽ നമ്മെ കണ്ടുമുട്ടുമ്പോൾ നമ്മുടെ പ്രായശ്ചിത്തമായ യേശു നമ്മെ ശുദ്ധീകരിച്ചതായി കാണുന്നു (എബ്രായർ 9:5). നമുക്കു ദൈവത്തോടു എന്തു ചെയ്യുവാൻ കഴിയുമെന്ന അടിസ്ഥാനത്തിലല്ല. നമ്മുടെ വിശ്വാസം യേശു ചെയ്ത പ്രവൃത്തികളിലാണ്. നാം വിശ്വാസം മൂലം കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു (എഫെസ്യർ 2:8, 9). "വിശ്വാസം മൂലം കൃപയാൽ നമുക്കു പ്രവേശനം ഉണ്ട്" (റോമർ 5:2).

എങ്ങനെയായാലും, ദൈവം നമ്മെ അനുഗ്രഹിക്കുന്ന വിശ്വാസം,

ദൈവേഷ്ടത്തോടു പ്രതികരിക്കുന്ന വിശ്വാസമാണ്. പുതിയ നിയമത്തിൻ കീഴിൽ, വിശ്വാസത്തോടു ദൈവം ആവശ്യപ്പെടുന്ന പ്രതികരണത്തിൽ മാനസ്സാന്തരവും (പ്രവൃത്തികൾ 17:30), യേശുവിലുള്ള വിശ്വാസം ഏറ്റു പറയുന്നതും (റോമർ 10:9, 10), സ്നാനവും ഉൾപ്പെടുന്നു (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; 22:16; കൊലൊസ്യർ 2:12, 13; 1 പത്രൊസ് 3:21).

യേശു ആവശ്യപ്പെടാത്തതൊന്നും പാപങ്ങളെ നീക്കുന്നില്ല. യേശുവിന്റെ രക്തം മാത്രമെ അതു ചെയ്യുന്നുള്ളു. എന്നിരുന്നാലും, നാം അവനെ അനുസരിച്ചില്ലെങ്കിൽ അവൻ നമ്മുടെ പാപങ്ങൾ മോചിക്കുകയില്ല. നിലവിളിയോ, ചുറ്റും നടന്നതു കൊണ്ടോ കൊമ്പുകൊണ്ട് കാഹളം ഊതിയതോ ഒന്നുമല്ല, യെരിഹോം മതിൽ വീഴുവാൻ കാരണമായതു എന്നതുപോലെ (എബ്രായർ 11:30), നമ്മുടെ വിശ്വാസം മാനസ്സാന്തരം, ഏറ്റുപറച്ചിൽ, സ്നാനം എന്നിവ പാപങ്ങളെ മോചിക്കുവാൻ അപര്യാപ്തമാണ്. യിസ്രായേലിന്റെ വിശ്വാസം അവരെ ദൈവ കല്പനയോടു പ്രതികരിക്കുവാൻ പ്രേരിപ്പിച്ചു, പ്രവൃത്തിച്ചപ്പോൾ അവർക്കു പ്രതിഫലവും ലഭിച്ചു. അതേപോലെ, നമ്മുടെ വിശ്വാസത്തിന് പ്രതിഫലം കിട്ടുന്നത്, നാം മാനസ്സാന്തരപ്പെട്ടു, ഏറ്റു പറഞ്ഞു, സ്നാനപ്പെടുമ്പോഴാണ്. നാം ദൈവേഷ്ടത്തോടു പ്രതികരിക്കുമ്പോൾ, അവൻ ചെയ്തതിൽ നമുക്കുള്ള വിശ്വാസമാണ് രക്ഷ പുറപ്പെടുവിക്കുന്നത്; നമ്മുടെ വിശ്വാസം നമ്മുടെ പ്രവൃത്തികളിൽ അല്ല. പൗലൊസ് പറഞ്ഞു,

> അവനിൽ നിങ്ങൾക്കു ക്രിസ്തുവിന്റെ പരിഛേദനയായി ജഡ ശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നെ, കൈ കൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു; സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. അതിക്രമങ്ങളിലും, നിങ്ങളുടെ ജഡത്തിന്റെ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ അവനോടുകൂടെ ജീവിപ്പിച്ചു (കൊലൊസ്യർ 2:11-13).

നാം സ്നാനത്തിൽ അടക്കപ്പെടുമ്പോൾ നമ്മുടെ വിശ്വാസം “ദൈവ പ്രവൃത്തികളിൽ'' ആകണം. യേശുവിനെ മരിച്ചവരിൽ നിന്നു ഉയിർപ്പിച്ചുകൊണ്ട്, യേശുവിന്റെ മരണത്തിൽ നിന്നു ജീവനിലേക്കു കൊണ്ടു വരുവാനുള്ള തന്റെ ശക്തി ദൈവം കാണിച്ചു. യേശുവിനെ ഉയിർപ്പിക്കുവാൻ ദൈവം ചെയ്ത പ്രവൃത്തിയിൽ, അവന്റെ ശക്തിയിലുള്ള വിശ്വാസത്താൽ നാം സ്നാനമേല്ക്കുമ്പോൾ നമ്മെ പുതിയ ജീവിതത്തിലേക്കു കൊണ്ടു വരുന്നു. സ്നാനത്തിൽ നമ്മെ ആത്മിയ മരണത്തിൽ നിന്നു വിടുവിക്കുമെന്നു ദൈവം വാഗ്ദാനം ചെയ്തിരിക്കയാൽ, നാം സ്നാനപ്പെടുമ്പോൾ, അവന്റെ പ്രവൃത്തിയാൽ, നമ്മെ ആത്മിയമായി ജീവിപ്പിക്കും എന്നു വിശ്വസിക്കാം.

നാം സ്നാനപ്പെടുമ്പോൾ, നാം നേടുന്നതിലല്ല, മറിച്ചു ദൈവം ചെയ്യുന്നതിലാണ് നാം വിശ്വാസം അർപ്പിക്കേണ്ടത്. നാം ഈ ആവശ്യം നിറവേറ്റുമ്പോൾ, നമ്മുടെ അകൃത്യങ്ങൾ ഒക്കെയും ക്ഷമിച്ചു, ദൈവം നമുക്കു ആത്മിയ ജീവൻ തരും.

യേശുവിന്റെ രക്തത്തിലും നമുക്കു പുതുജീവൻ നല്കുവാൻ ശക്തിയുള്ള ദൈവത്തിലും, പാപമോചനം തരുവാൻ കഴിവുള്ള ദൈവത്തിലും വിശ്വസിക്കാൻ മാത്രമല്ല പറഞ്ഞിട്ടുള്ളത്; അതിനപ്പുറമായി, നാം നമ്മുടെ കഴിഞ്ഞ കാല പാപ സംബന്ധമായി മരിച്ചു യേശുവിനായി പുതിയ ജീവിതം നയിക്കുവാൻ കഴിയണം. സ്നാനത്തിൽ അടക്കം ചെയ്യുമ്പോഴാണ് നാം നമ്മുടെ പാപ മനുഷ്യനെ മരിപ്പിക്കുന്നത്; പിന്നെ നമുക്കു ജീവന്റെ പുതുക്കത്തിൽ നടക്കുവാൻ കഴിയും (റോമർ 6:4). സുവിശേഷത്തിലുള്ള ഉപദേശ രൂപം നാം ഹൃദയപൂർവ്വം അനുസരിക്കുമ്പോൾ (റോമർ 6:17, 18), നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടു കൂടെ "ക്രൂശിക്കപ്പെടുന്നു." "ദൈവം ഇതു രൂപപ്പെടുത്തിയിരിക്കുന്നത്." നമ്മുടെ പാപ ശരീരത്തിനു നീക്കം വരേണ്ടതിനും നീതിക്കു ദാസന്മാരായിത്തീരേണ്ടതിനും തന്നെ" (റോമർ 6:6).

എന്തു ചെയ്യണമെന്നു ക്രിസ്തു വെളിപ്പെടുത്തിയിരിക്കുന്നതു മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം നമുക്കു വിശ്വാസം ഉണ്ടാകേണ്ടത് (റോമർ 10:17). അപ്പൊസ്തലന്മാരുടെ വചനം കേട്ടുകൊണ്ടാകണം നാം വിശ്വസിക്കേണ്ടതു എന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 17:20). ഉത്തമന്മാരായ ബെരോവ ക്കാരിൽ ഈ മാതൃക നാം കാണുന്നുണ്ട്. "അവർ വചനം പൂർണ്ണ ജാഗ്രതയോടെ കൈക്കൊണ്ടതല്ലാതെ അതു അങ്ങനെ തന്നെയോ എന്നു ദിനമ്പ്രതി തിരുവെഴുത്തുകളെ പരിശോധിച്ചു പോന്നു, അവരിൽ പലരും മാന്യരായ യവന സ്ത്രീകളിലും പുരുഷന്മാരിലും അനേകരും വിശ്വസിച്ചു" (പ്രവൃത്തികൾ 17:11, 12).

**ക്രിസ്തുവിന്റെ ഒരു പുതിയ വ്യക്തി**

നാം അവനിൽ പുതിയ ജനമായിത്തീരുന്നു (2 കൊരിന്ത്യർ 5:17) ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുമ്പോൾ (റോമർ 6:3; ഗലാത്യർ 3:27). ക്രിസ്തുവിൽ ആകുന്നവർ ക്രിസ്തുവിന്റെ ഏക ശരീരം ആകുന്നു (റോമർ 12:5), അതാണ് സഭ (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18, 24). സ്നാനം നമ്മെ ക്രിസ്തുവിന്റെ ആ ഏക ശരീരത്തിലാക്കുന്നു (1 കൊരിന്ത്യർ 12:13, 27).

വെള്ളത്താലും ആത്മാവിനാലും നാം ജനിച്ചില്ല എങ്കിൽ നമുക്കു ദൈവ രാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല (യോഹന്നാൻ 3:5). ജനിക്കപ്പെട്ടവരാണ് സഭയാകുന്ന "ആദ്യ ജാതന്മാർ" (എബ്രായർ 12:23), അതാണ് ക്രിസ്തുവിന്റെ ശരീരം (എഫെസ്യർ 1:22, 23; കൊലൊസ്യർ 1:18, 24). അവർ ക്രിസ്തുവിന്റെ രാജ്യത്തിലെ പൗരന്മാരാണ് (എഫെസ്യർ 2:19; കൊലൊസ്യർ 1:13). ഈ പുതിയ സൃഷ്ടികളാണ്, യേശു പണിതതായ ക്രിസ്തുവിന്റെ സഭയായിത്തീരുന്നത് (മത്തായി

16:18) അവർ അവനു കീഴ്പ്പെടുകയും ചെയ്യും (എഫെസ്യർ 5:24). ഈ സഭയിലെ അംഗങ്ങൾ ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുന്നവരും (എഫെസ്യർ 5:25). ഒരു ദിവസം പിതാവിന്നു ഏല്പിച്ചു കൊടുക്കയും ചെയ്യും. അവൻ അവരെ തന്റെ രക്തത്തിന്റെ ശക്തിയാൽ കറ, ചുളുക്കം, കോട്ടം ഒന്നുമില്ലാതെ വിശുദ്ധരും നിഷ്കളങ്കരും ആക്കി വെക്കുകയും ചെയ്യും (എഫെസ്യർ 5:27). അവന്റെ രക്തം ശക്തിയോടു കൂടിയതായിരുന്നു (കൊലൊസ്യർ 1:20 നോക്കുക).

**ഉപസംഹാരം**

മോശെയുടെ ന്യായപ്രമാണത്തിൽ പഠിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായിട്ടാണ് ക്രിസ്തുവിന്റെ പുതിയ നിയമത്തിൻ കീഴിൽ പാപമോചനത്തിനു ആവശ്യപ്പെട്ടത്. യിസ്രായേൽ ജനം അവരുടെ പാപമോചനത്തിനായി മൃഗ രക്തം ഒരു അടയാളമായി അർപ്പിക്കേണ്ടിയിരുന്നു, എന്നാൽ അവരുടെ പാപങ്ങൾ മോചിച്ചത് യേശുവിന്റെ രക്തം ആയിരുന്നു. അതുപോലെ, പുതിയ നിയമത്തിൻ കീഴിൽ ക്രിസ്ത്യാനികൾ യേശുവിന്റെ രക്തത്തിൽ വിശ്വാസം അർപ്പിച്ചു അവൻ പാപമോചനത്തിനു ആവശ്യപ്പെടുന്നതു ആളുകൾ അനുസരിക്കണം.

ഈ ആവശ്യങ്ങൾ നിറവേറ്റുവാൻ, നമ്മുടെ പാപ വഴികളെ വിട്ടു കളഞ്ഞു യേശുവിനായി ജീവിക്കുവാൻ തീരുമാനിക്കണം അവനിലുള്ള വിശ്വാസം നാം ഏറ്റു പറഞ്ഞ്, സ്നാനത്തിൽ അവനോടു കൂടെ അടക്കപ്പെട്ടു അവനോടു കൂടെ ഉയിർത്തെ ഴുന്നേല്ക്കണം (പ്രവൃത്തികൾ 2:38; കൊലൊസ്യർ 2:12). നാം വെളിച്ചത്തിൽ നടന്നു നമ്മുടെ പാപങ്ങൾ ഏറ്റു പറയുന്നു എങ്കിൽ അവന്റെ രക്തം മുഖാന്തരം ലഭിക്കുന്ന പാപമോചനം തുടർന്നു ലഭിക്കും (പ്രവൃത്തികൾ 8:22; 1 യോഹന്നാൻ 1:7-9). പുതിയ നിയമത്തിൻ കീഴിൽ മറ്റൊരു പാപമോചന രീതിയില്ല.

# ക്രൂശിലെ കള്ളൻ രക്ഷിക്കപ്പെട്ട സംഭവം

പുതിയ നിയമത്തിൽ തീർച്ചയുള്ള ഉപദേശങ്ങൾ പലതും നിഷേധിക്കുവാൻ കാരണം യേശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ ഒരാൾ സ്നാനം കൂടാതെ രക്ഷിക്കപ്പെട്ടു എന്നതാണ്. വാസ്തവത്തിൽ, പുതിയ നിയമ രക്ഷയുടെ മാതൃകയായിരുന്നില്ല ആ മനുഷ്യൻ. വാസ്തവത്തിൽ, അയാൾ ദൈവ മുൻപാകെ നീതീകരിക്കപ്പെടുവാനായി ന്യായപ്രമാണത്തിലെ ആവശ്യങ്ങളോ പുതിയ നിയമത്തിലെ ആവശ്യങ്ങളോ അവൻ നിറവേറ്റിയില്ല.

അവൻ ഭൂമിയിൽ ആയിരുന്നപ്പോൾ, ഏതു സമയത്തും, തനിക്കു ബോധിച്ച ഏതവസരത്തിലും സ്വതന്ത്രമായി അവൻ പാപം ക്ഷമിച്ചു കൊടുത്തിരുന്നു. ഉദാഹരണമായി, പക്ഷവാത രോഗിയുടെ പാപങ്ങൾ അവൻ മോചിക്കയുണ്ടായി (മത്തായി 9:2–8; മർക്കൊസ് 2:3–12; ലൂക്കൊസ് 5:17–26) തന്റെ കാൽ കഴുകിയ ഒരു സ്ത്രീയുടെയും പാപം മോചിച്ചുകൊടുത്തു (ലൂക്കൊസ് 7:44–50). ആ വ്യക്തികൾക്കു വിശ്വാസമുണ്ടായിരുന്നു, പക്ഷെ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുന്നതിനു, നമ്മുടെ വിശ്വാസം യേശുവിന്റെ രക്തത്തിലും (റോമർ 3:25) അവന്റെ ഉയിർപ്പിലും ആണ് (റോമർ 10:9). ഈ വ്യക്തികളെ പോലെ ക്രൂശിലെ കള്ളനും, ന്യായപ്രമാണത്തിലെയോ പുതിയ നിയമത്തിലേയോ അനുസരിക്കുവാൻ ആവശ്യപ്പെട്ടതു ചെയ്യാതെ രക്ഷിക്കപ്പെട്ടു.

യേശു പാപം ക്ഷമിച്ചു കൊടുത്ത ഈ വ്യക്തികൾക്കു പാപമോചനം ലഭിച്ചതു പുതിയ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപായിരുന്നു. യേശുവിന്റെ നാമത്തിൽ മാനസ്സാന്തരവും പാപമോചനവും പ്രസംഗിച്ചു തുടങ്ങിയിരുന്നില്ല (ലൂക്കൊസ് 24:47). ഇക്കാരണത്താൽ, ഈ ആളുകൾക്കു രക്ഷിക്കപ്പെടുവാനുള്ള വ്യവസ്ഥകൾ അനുസരിക്കുവാൻ കഴിഞ്ഞിരുന്നില്ല. യേശുവിന്റെ നാമത്തിൽ, പാപമോചനം ആദ്യമായി പ്രസംഗിച്ച പത്രൊസ്, ജനത്തോടു പറഞ്ഞു, ''നിങ്ങൾ മാനസ്സാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും'' (പ്രവൃത്തികൾ 2:38). പത്രൊസ് പറഞ്ഞതാണ് പ്രവൃത്തികളുടെ പുസ്തകത്തിൽ, സുവിശേഷത്തോടു പ്രതികരിച്ചവരെല്ലാം പിന്നീട് ചെയ്തത് (പ്രവൃത്തികൾ 2:41; 8:12, 36–39; 9:18; 10:47, 48; 16:15, 33; 18:8). ഇന്നു ക്രൂശിലെ കള്ളനല്ല, ഈ വിധത്തിലാണ് പാപമോചനത്തിന് സുവിശേഷത്തോടു പ്രതികരിക്കുന്നതിനു, നമുക്കുള്ള മാതൃക. യേശുവിന്റെ രക്തത്താൽ പ്രതിഷ്ഠിച്ചതായ പുതിയ നിയമം ആണ് അവർ അനുസരിച്ചത്, യേശുവും അതു തന്നെയാണ് മർക്കൊസ് 16:16-ൽ ഉപദേശിച്ചത്. " 'വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവനോ ശിക്ഷാവിധിയിൽ അകപ്പെടും.' "

© 2009 Truth for Today